പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1849 17-03-2015-ൽ മറുപടിയ്ക്ക്

# മയക്കുമരുന്നുകളുടെ ഉപയോഗം

ചോദ്യം :

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

ഉത്തരം :

ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും, തുറമുഖവും എക്സൈസും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | വിദ്യാർത്ഥികൾക്കിടയിലും യുവാക്കൾക്കിടയിലും മയക്കുമരുന്നുകളുടെ ഉപയോഗം വർദ്ധിച്ചു വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ലഹരി വസ്തുക്കളുടെ വ്യാപനം തടയുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | വിദ്യാർത്ഥികളിലും യുവജനങ്ങളിലുമുള്ള മദ്യാസക്തിയെ എക്സൈസ് വകുപ്പ് വളരെ ഗൗരവപൂർവ്വമാണ് കണക്കാക്കുന്നത്. മദ്യത്തിന്റെയും മറ്റ് ലഹരി വസ്തുക്കളുടെയും ദൂഷ്യവശങ്ങളെക്കുറിച്ച് വിദ്യാർത്ഥികളെയും, യുവാക്കളെയും, പൊതുജനങ്ങളെയും ബോധവാൻമാർ ആക്കാൻ എക്സൈസ് വകുപ്പ് നിരവധി പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്നുണ്ട്. ഇതിന്റെ ഭാഗമായി സ്കൂൾ തലത്തിൽ 1467 ലഹരി വിരുദ്ധ ക്ലബ്ബുകളും, കോളേജ് തലത്തിൽ 194 ലഹരി വിരുദ്ധ ക്ലബ്ബുകളും രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. വിദ്യാർത്ഥികൾക്കിടയിൽ സ്കൂൾ തലങ്ങളിൽ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റുമായും, കോളേജ് തലത്തിൽ നാഷണൽ സർവ്വീസ് സ്കീമുമായും സഹകരിച്ച് ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. ലഹരി വിരുദ്ധ ആശയങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി എസ്. |

| | | | |
|---|---|---|---|
| | | | സി.ഇ.ആർ.റ്റിയുടെ ശുപാർശ പ്രകാരം സ്കൂൾ കരിക്കുലം കമ്മിറ്റി തീരുമാനം അനുസരിച്ച് 2014-15 അദ്ധ്യായന വർഷത്തിൽ 1, 3, 5,7,11 ക്ളാസ്സുകളിൽ നടപ്പിലാക്കുകയും 2015-16 അദ്ധ്യായന വർഷത്തിൽ 2, 4, 6, 8, 12 ക്ളാസുകളിലും, 2016-17 അദ്ധ്യായന വർഷം 9, 10 ക്ളാസുകളിലും ലഹരി വിരുദ്ധ ആശയങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ലഹരി വസ്തുക്കളുടെ വ്യാപനം തടയുന്നതിന് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും ഇതിനോടൊപ്പം നടത്തി വരുന്നു. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലഹരിവസ്തു വിപണനവുമായി ബന്ധപ്പെട്ട് പിടിയിലായിട്ടുള്ളവരുടെ എണ്ണം വ്യക്തമാക്കാമോ ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലഹരി വസ്തുക്കളുടെ വിപണനവുമായി ബന്ധപ്പെട്ട് എക്സൈസ് വകുപ്പ് 52,738 കേസുകൾ രജിസ്റ്റർ ചെയുകയും, 50,329 പ്രതികളെ അറസ്റ്റ് ചെയ്ത് നിയമ നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ